► 22ന് പാർലമെന്റ് മാർച്ച്

# ബിഎസ്എൻഎൽ കരാർത്തൊഴിലാളികൾ ചീഫ് ജനറൽ മാനേജർ ഓഫീസ് മാർച്ച് നടത്തി

തിരുവനന്തപുരം > ബിഎസ്എൻഎൽ ചീഫ് ജനറൽ ഓഫീസിലേക്ക് ബിഎസ്എൻഎൽ കരാർ തൊഴിലാളികൾ മാർച്ച് നടത്തി. ബിഎസ്എൻഎൽ കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുക, തുല്യജോലിക്ക് തുല്യവേതനം നൽകുക, ബോണസ് അനുവദിക്കുക, മിനിമംകൂലി 18,000 രൂപയായി നിജപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്.

തിരുവനന്തപുരം എൽഎംഎസിൽനിന്ന് ആരംഭിച്ച മാർച്ച് ബിഎസ്എൻഎൽ ചീഫ് ജനറൽ മാനേജർ ഓഫീസ് പരിസരത്ത് സമാപിച്ചു. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ മാർച്ച് ഉദ്ഘാടനംചെയ്തു. ബിഎസ്എൻഎൽ കാഷ്വൽ കോൺട്രാക്ട് ലേബേഴ്സ് യൂണിയൻ സംസ്ഥാന വർക്കിങ് പ്രസിഡന്റ് കെ മോഹനൻ അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി എൻ ആർ സോമശേഖരൻനായർ സ്വാഗതം പറഞ്ഞു. ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ അഖിലേന്ത്യാ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി എസ് പ്രതാപ്കുമാർ, എഐബിഡിപിഎ സംസ്ഥാന വൈസ് പ്രസിഡന്റ് ആർ മുരളീധരൻനായർ, കോൺഫെഡറേഷൻ ജില്ലാ സെക്രട്ടറി എസ് അശോക്കുമാർ, എൻഎഫ്പിഇ (പോസ്റ്റൽ ക്ലാസ്-3) സംസ്ഥാന പ്രസിഡന്റ് ജേക്കബ് തോമസ് എന്നിവർ സംസാരിച്ചു. സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി സി വാമദേവൻ നന്ദി പറഞ്ഞു.

ബിഎസ്എൻഎൽ കരാർ തൊഴിലാളികളുടെ നിരവധി പ്രശ്നങ്ങൾ ഉന്നയിച്ച് അഖിലേന്ത്യാ ഫെഡറേഷനായ ബിഎസ്എൻഎൽ കാഷ്വൽ കോൺട്രാക്ട് വർക്കേഴ്സ് ഫെഡറേഷൻ സിഎംഡിക്കും കേന്ദ്ര സർക്കാരിനും നിവേദനം നൽകിയിരുന്നു. ഈ ആവശ്യങ്ങൾ നേടിയെടുക്കാൻ 22ന് പാർലമെന്റിലേക്ക് മാർച്ച് നടത്തും. കേരളത്തിൽനിന്ന് നൂറിലധികം തൊഴിലാളികൾ മാർച്ചിൽ പങ്കെടുക്കും.



► ബിഎസ്എൻഎൽ ചീഫ് ജനറൽ ഓഫീസിലേക്ക് ബിഎസ്എൻഎൽ കരാർ തൊഴിലാളികൾ നടത്തിയ മാർച്ച് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനംചെയ്യുന്നു